കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഒന്നാം ഘട്ടമായും, രണ്ടാം ഘട്ടത്തിൽ സെക്രട്ടേറിയറ്റിലെ മറ്റു കെട്ടിടങ്ങളിലും, വകുപ്പു തലവന്മാരുടെ ഓഫീസുകളിലും തുടർന്ന് പൊതുജനസമ്പർക്കം കൂടുതലായുള്ള മറ്റ് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

ഗതാഗതവകുപ്പ് സെക്രട്ടറിയോട് അപമര്യാദയായി പെരുമാറിയ സംഭവം

(1499) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതവകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീമതി നളിനിനെറ്റോയോട് അപമര്യാദയായി മുൻ ഗതാഗത വകുപ്പുമന്ത്രി ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ പെരുമാറിയെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് അവർ സമർപ്പിച്ച കത്ത് പോലീസിന് കൈമാറിയോ; എങ്കിൽ എന്ന്;

(ബി) പ്രസ്തുത കത്തു കിട്ടി എത്ര ദിവസം കഴിഞ്ഞാണ് പോലീസിന് കൈമാറിയത്;

(സി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസെടുത്തുവോ; എങ്കിൽ എന്ന്;

(ഡി) ഈ സംഭവം സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ?

ഉത്തരം

(എ)-(ഡി) മുൻ ട്രാൻസ്പോർട്ട് സെക്രട്ടറി നളിനി നെറ്റോ മുൻ ഗതാഗത വകുപ്പു മന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ തന്നോട് അപമര്യാദയായി പെരുമാറിയെന്നാരോപിച്ചു കൊണ്ട് ഒരു പരാതി മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. ഈ പ്രശ്നത്തെ തുടർന്ന് ഗതാഗത വകുപ്പുമന്ത്രി ശ്രീ. നീലലോഹിതദാസൻ നാടാർ തൽസ്ഥാനം രാജി വയ്ക്കുകയും പ്രശ്നത്തെക്കുറിച്ച് കേരളാ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജ് അന്വേഷിക്കണമെന്ന് സർക്കാർ തീരുമാനിക്കുകയും ചെയ്തു. നളിനി നെറ്റോയുടെ പരാതി ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഡി.ജി.പി.ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ഐ.എ.എസ് ഉദ്യോഗസ്ഥയെ പീഡിപ്പിച്ച കേസ്സ്

(1480) ശ്രീ. ടി. എം. ജേക്കബ്
ശ്രീ. ആർ. ബാലകൃഷ്ണപിള്ള
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്തരവിട്ടിട്ടുള്ള ജുഡീഷ്യൽ അന്വേഷണങ്ങളിൽ ഓരോന്നിന്റേയും ടേംസ് ഓഫ് റഫറൻസ് എന്താണ്;

(ബി) ഐ.എ.എസ്. ഉദ്യോഗസ്ഥയായ നളിനിനെറ്റോയെ പീഡിപ്പിച്ച കേസ്സിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ചാണ് അന്വേഷിക്കാൻ ഉത്തരവിട്ടിരിക്കുന്നത്;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്തരവായിട്ടുള്ള ഒൻപതു ജുഡീഷ്യൽ അന്വേഷണ കമ്മിഷനുകളുടെ ടേംസ് ഓഫ് റഫറൻസ് ഉൾക്കൊള്ളുന്ന നോട്ടിഫിക്കേഷനുകളുടെ കോപ്പികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ശശിധരൻ അന്വേഷണകമ്മീഷനായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ശ്രീമതി നളിനി നെറ്റോയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് ക്രൈം നമ്പർ 47/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ചിനു കൈമാറുകയും ഡി.ഐ.ജി. (CISR) ന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുകയും ചെയ്യുന്നു.

വി.ഐ.പി.കളുടെ സുരക്ഷ

(1489)ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വി.ഐ.പി.കൾ എന്ന നിലയിൽ സുരക്ഷാ സംവിധാനം ആർക്കൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോരുത്തർക്കും ഏതൊക്കെ തരത്തിലുള്ള സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) ഇതിനായി പ്രത്യേകം പരിശീലനം നൽകി പോലീസിനെ സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും ഇവർക്കായി പ്രതിമാസം എന്തു തുക ചെലവാക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ ഏതുതരം ഡ്യൂട്ടികൾക്കാണ് നിയോഗിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly